**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.319 | 27.02.2017 ൽ മറുപടിക്ക്

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നതാണ്. ഇതിനായി 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 171 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി ആർദ്രം മിഷനിൽ ഉൾപ്പെടുത്തി പരിഗണിച്ചുവരികയാണ്. |
| (ബി) | ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (ബി) | 14 ജില്ലകളിലെയും വിവിധ അസംബ്ലിമണ്ഡലങ്ങൾ/വികസന ബ്ലോക്കുകളിലായി ആദ്യഘട്ടമായി ഫാമിലി ഹെൽത്ത് സെന്ററുകളാക്കാനുദ്ദേശിക്കുന്ന 171 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുത്ത് അവിടങ്ങളിലേക്ക് അധികമായി സൃഷ്ടിക്കേണ്ട ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സിന്റെയും, ലാബ് ടെക്നീഷ്യന്റെയും തസ്തികകൾക്കുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ഡോക്ടർമാർക്കും മറ്റ് സ്റ്റാഫിനുമുള്ള വിശദമായ പരിശീലനപരിപാടികൾക്കുള്ള നടപടിക്രമങ്ങൾ എസ്.എച്ച്.എസ്.ആർ.സി വഴി ആരംഭിച്ചിട്ടുണ്ട്. |
| (സി) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ; | (സി) | കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ പുളിക്കൽ പ്രാഥമികാരോഗ്യകേന്ദ്രമാണ് ആദ്യഘട്ടമായി കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റാനുദ്ദേശിക്കുന്നത്. |
| (ഡി) | ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ? | (ഡി) | 14 ജില്ലകളിലെയും വിവിധ അസംബ്ലിമണ്ഡലങ്ങൾ/വികസന ബ്ലോക്കുകളിലായി ആദ്യഘട്ടമായി ഫാമിലി ഹെൽത്ത് സെന്ററുകളാക്കാനുദ്ദേശിക്കുന്ന 171 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുത്ത് അവിടങ്ങളിലേക്ക് അധികമായി സൃഷ്ടിക്കേണ്ട ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സിന്റെയും, ലാബ് ടെക്നീഷ്യന്റെയും തസ്തികകൾക്കുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ഡോക്ടർമാർക്കും മറ്റ് സ്റ്റാഫിനുമുള്ള വിശദമായ പരിശീലനപരിപാടികൾക്കുള്ള നടപടിക്രമങ്ങൾ എസ്.എച്ച്.എസ്.ആർ.സി വഴി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ